**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - SGRY പദ്ധതി പ്രകാരമുള്ള ജോലികൾക്ക് അനധികൃതമായി ഫണ്ട് അനുവദിച്ചത് - തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.പ്രദീപനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയത് - സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സ.ഉ(സാധാ) നമ്പർ. 1211/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 06.05.2013**

---

പരാമർശം:-1. ജി.ഒ.(ആർ.ടി) നമ്പർ.1639/2008/എൽഎസ്ജിഡി, തീയതി 04.06.2008.
2. ജി.ഒ.(ആർ.ടി) നമ്പർ 1558/2009/എൽഎസ്ജിഡി, തീയതി 25.06.2009.
3. ജി.ഒ.(ആർ.ടി) നമ്പർ 48/2010/എൽഎസ്ജിഡി, തീയതി 05.01.2010.
4. ഗ്രാമവികസന കമ്മീഷണറുടെ 31.01.2012, 07.12.2012 എന്നീ തീയതികളിലെ 14581/എസ്റ്റാ.എ4/2008/ഗ്രാ.വി.ക. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്കിലെ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.പ്രദീപനെ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുകയും, 16.7.2009-ൽ ടിയാൻ ചാലക്കുടി ബ്ലോക്കിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറായി സർവ്വീസിൽ പുനഃപ്രവേശിക്കുകയും ചെയ്തിരുന്നു.

ടിയാനെതിരെയുള്ള അച്ചടക്ക നടപടി പരാമർശം(3) പ്രകാരം രണ്ടു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.കെ.പ്രദീപന്റെ 04.06.2008 മുതൽ 24.6.2009 വരെയുള്ള സസ്പെൻഷൻ കാലയളവും, 25.06.2009 മുതൽ 15.07.2009 വരെയുള്ള ഇടവേള പ്രവേശന കാലയളവും അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുവാൻ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.കെ.പ്രദീപൻ, ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്കെതിരായി അച്ചടക്ക നടപടികൾ ലഘുശിക്ഷ നൽകി അവസാനിപ്പിച്ച സാഹചര്യത്തിൽ ടിയാന്റെ 4.6.2008 മുതൽ 24.06.2009 വരെയുള്ള സസ്പെൻഷൻ കാലയളവ് ശമ്പളവും, ബത്തകളും,

ഉപജീവനബത്തയിൽ പരിമിതപ്പെടുത്തിക്കൊണ്ട് മറ്റെല്ലാ കാര്യത്തിനും, ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും, 25.06.2009 മുതൽ 15.07.2009 വരെയുള്ള ഇടവേള കാലയളവ് പ്രവേശന കാലമായോ, അർഹതപ്പെട്ട അവധിയായോ, ഇവ രണ്ടുമായോ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 56 (B) (9)ന് താഴെയുള്ള കുറിപ്പ് (2) പ്രകാരം ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണർ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്.യു.രാജീവ്
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.കെ.പ്രദീപൻ, മുൻ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ,
തളിപ്പറമ്പ് ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തൃശ്ശൂർ ബ്രാഞ്ച്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ